## സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളി ആട്ടിൻകുന്ന്

വി. ദൈവമാതാവിന്റെ നാമധേയത്തിലുള്ള ഈ ദേവാലയം 1927 ലാണ് സ്ഥാപിതമാകുന്നത്. തിരുമാറാടി പഞ്ചായത്തിലെ ആട്ടിൻകുന്ന്, വെട്ടിമൂട് പ്രദേശങ്ങളിലെ വിശ്വാസികളുടെ സൗകര്യാർത്ഥം സ്ഥാപിതമായ ഇവിടെ പാമ്പാക്കുട വലിയ പള്ളി, പാമ്പാക്കുട ചെറിയ പള്ളി, മണ്ണത്തൂർ, വടകര തുടങ്ങിയ പള്ളികളിൽ നിന്നും പിരിഞ്ഞ് ചേർന്ന ഇടവകാംഗങ്ങളാണുള്ളത്.

1102 ഇടവം 2 (1927) ന് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ച ഈ ദേവാലയത്തിന് കരവച്ചെ പുത്തൻപുരയിൽ ഐപ്പ് വർക്കി, മേൽപ്പടിയിൽ ഐപ്പ് മത്തായി, പീലി, ഐപ്പ് തൊമ്മൻ, അമ്മംകുളത്തിൽ എബ്രാഹാം കുര്യൻ, ഉലഹന്നാൻ, വർക്കി, മത്തായി എന്നിവരാണ് സ്ഥലം നൽകിയത്. ശവക്കോട്ടയുടെ സ്ഥലം തർക്കം വന്നപ്പോൾ കുറച്ച് സ്ഥലം താണികുന്നേൽ മത്തായി വാങ്ങിച്ചു നൽകി. സഭയിടെ കക്ഷിവഴക്ക് ഈ ദേവാലയത്തെ സാരമായിത്തന്നെ ബാധിച്ചിരുന്നു.

2002 ൽ ഈ പള്ളിയുടെ പ്ലാറ്റിനം ജൂബിലി വിപുലമായി ആഘോഷിക്കുകയുണ്ടായി. ഒരു വർഷം നീണ്ടു നിന്ന പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചത് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിദിയൻ കാതോലിക്കാ ബാവ ആയിരുന്നു. ഇടവകയിലെ ആത്മീയ സംഘടനകളുടെയും സണ്ടേസ്കൂളിന്റെയും സുഗമമായ നടത്തിപ്പിനായി പള്ളിയോട് ചേർന്ന് പ്രശാന്തം ഓർത്തഡോക്സ് സെന്റർ പ്രവർത്തിക്കുന്നു. 2008 നവംബർ 9ന് അഭി. ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയാണ് പ്രശാന്തം സെന്റർ കൂദാശ നിർവ്വഹിച്ചത്.

ഈ പള്ളിയുടെ കീഴിൽ മണ്ണത്തൂർ, വെട്ടിമൂട്, നെടുങ്ങോട് എന്നിവടങ്ങളിൽ 3 കുരിശുപള്ളികളുണ്ട്. ജനുവരി 27, 28 തീയതികളിൽ വി. ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാൾ വിപുലമായി ആഘോഷിച്ചുവരുന്നു.

വികാരി: റവ.ഫാ. മാത്യു മർക്കോസ് നെടിയാനിക്കുഴിയിൽ